**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 960** **12-06-2024 - ൽ മറുപടിയ്ക്ക്**

**വയനാട് വനമേഖലയിലെ ആളുകളെ പുനരധിവസിപ്പിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് വനമേഖലയിൽ നിന്നും ആളുകളെ പുനരധിവസിപ്പിക്കുന്ന പദ്ധതിയിൽ എത്ര കുടുംബങ്ങളെ നാളിതുവരെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും ഇനി എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | വയനാട് വന്യജീവി സങ്കേതത്തിന് അകത്തുള്ള 14 സെറ്റിൽമെന്റുകളിലായി 645 കുടുംബങ്ങളെയാണ് IDWH Phase-1 സ്വയം സന്നദ്ധ പുന:രധിവാസ പദ്ധതിയിൽ വനം വകുപ്പിന്റെ ഫീൽഡ് വെരിഫിക്കേഷൻ പ്രകാരം കണ്ടെത്തിയിട്ടുള്ളത്. ആയതിൽ ചെട്യാലത്തൂർ സെറ്റിൽമെന്റിലെ ഒരാളുടെ അപേക്ഷ 27.04.2018-ന്ന് ചേർന്ന ജില്ലാതല നടത്തിപ്പ് സമിതി യോഗ തീരുമാന പ്രകാരം നിരാകരിച്ചിട്ടുണ്ട്. പങ്കളം സെറ്റിൽമെന്റിലെ ഒരു അപേക്ഷകൻ 31.01.2020-ന്ന് മരണപ്പെട്ടിട്ടുണ്ട്. ആയതിനാൽ നിലവിൽ ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആകെ കുടുംബങ്ങളുടെ എണ്ണം 643 ഉം അതിൽ നിന്ന് 320 കുടുംബങ്ങൾ ടി പദ്ധതി മുഖേന സെറ്റിൽമെന്റിൽ നിന്നും വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇനി 323 കുടുംബങ്ങളെ മാറ്റി പാർപ്പിക്കാനുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | 14 സെറ്റിൽമെന്റുകളിൽ നിന്നായി നിലവിൽ 643 കുടുംബങ്ങളാണ് IDWH Phase-I- പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിലുൾപ്പെട്ട 11 സെറ്റിൽമെന്റുകളിലെ 422 കുടുംബങ്ങൾക്ക് ധനസഹായതുക അനുവദിച്ചിട്ടുണ്ട്. ഇതിൽ 320 കുടുംബങ്ങൾ മാറിത്താമസിച്ചിട്ടുണ്ട് (ബാക്കിയുള്ള 102കുടുംബങ്ങളിൽ പങ്കളം സെറ്റിൽമെന്റിലെ 13 കുടുംബങ്ങൾക്കും,, ചെട്ടിയാലത്തൂർ സെറ്റിൽമെന്റിലെ 55 കുടുംബങ്ങൾക്കും ഭൂമി കണ്ടെത്തേണ്ടതുണ്ട്. കുറിച്യാട് സെറ്റിൽമെന്റിലെ 34 കുടുംബങ്ങളിലെ 21 പേർക്ക് ഭൂമി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതുണ്ട് . 13 പേരുടെ രജിസ്ട്രേഷൻ പൂർത്തിയായെങ്കിലും അവർ മാറിത്താമസിക്കാനുണ്ട്.<br><br>കോളോട് സെറ്റിൽമെന്റിൽ 15 കുടുംബങ്ങളാണുള്ളത്. സ്വയം സന്നദ്ധ പുരനധിവാസത്തിന് ഇവരുടെ |

| | | | |
|---|---|---|---|
| | | | സമ്മതം അറിയിച്ചുകൊണ്ട് ഗ്രാമസഭ പ്രമേയം പാസാക്കിയിട്ടില്ല.<br><br>കോളോട് സെറ്റിൽമെന്റിനെ ഒഴിവാക്കി ബാക്കിയുള്ള കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുവേണ്ടി 2023 ജൂൺ മാസത്തിൽ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം ടി കുടുംബങ്ങൾക്കുള്ള ധനസഹായം വിതരണം ചെയ്യുന്നതിനായി 36.90 കോടി രൂപയുടെ (60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവും) ഭരണാനുമതി നൽകിയിട്ടുണ്ട് . അതനുസരിച്ച് 2023-24 സാമ്പത്തിക വർഷത്തിൽ ഒരു ഗഡുവായി 922.50 ലക്ഷം (553.50 ലക്ഷം കേന്ദ്രവിഹിതവും, 369 ലക്ഷം സംസ്ഥാന വിഹിതവും) രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽനിന്നും 2023-24 സാമ്പത്തിക വർഷത്തിൽ മേൽപരാമർശിച്ച പങ്കളം സെറ്റിൽമെന്റിലെ 13 കുടുംബങ്ങൾക്കും, ചെട്ട്യാലത്തൂർ സെറ്റിൽമെന്റിലെ 25 കുടുംബങ്ങൾക്കും 570 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>ബാക്കിയുള്ള 352.50 ലക്ഷം രൂപ മണിമുണ്ടയിലെ 116 അപേക്ഷകരിൽ നിന്നും 23 കുടുംബങ്ങളുടെ പുനരധിവാസത്തിനായി നൽകുന്നതിന് തീരുമാനമായിട്ടുണ്ട്.<br><br>കോളോട്ട് സെറ്റിൽമെന്റിനെ ഒഴിവാക്കിക്കൊണ്ടും, മേൽപ്പറഞ്ഞ മണിമുണ്ടയിലെ 23 കുടുംബങ്ങളെയും ഉൾപ്പെടുത്തിയും ഇനി ധനസഹായം അനുവദിക്കുന്നതിന് ബാക്കിയുള്ളത് 206 കുടുംബങ്ങളാണ്. |

സെക്ഷൻ ഓഫീസർ